**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3428** **14-07-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കോൾ നിലങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ കോൾ നിലങ്ങളുടെ വികസനത്തിനായി റീബിൽഡ് കേരള പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | റീബിൽഡ് കേരള - തൃശ്ശൂർ-പൊന്നാനി കോൾ പ്രദേശം- പ്രളയം, വരൾച്ച എന്നിവയെ തരണം ചെയ്യുവാനുള്ള അടിസ്ഥാന സൌകര്യ വികസനം എന്ന പദ്ധതി പ്രകാരം കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖാന്തരം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു :<br><br>റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്ന പെട്ടിയും പറയും മാറ്റി ഊർജ്ജക്ഷമത കൂടിയ സബ്മെഴ്സിബിൾ പമ്പുകൾ സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ ആകെ 43 പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പ്രവൃത്തി തൃശ്ശൂർ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് മുഖാന്തരമാണ് നടപ്പാക്കുന്നത്.<br><br>മണലൂർ നിയോജക മണ്ഡലത്തിൽ ആർ.കെ.ഐ. പദ്ധതിയിലുൾപ്പെടുത്തി 16 പ്രവൃത്തികൾക്ക് 39.14 കോടി രൂപയുടെ അനുമതി ലഭിക്കുകയുണ്ടായി. എഞ്ചിൻ ഷെഡ് -18 എണ്ണം, എഞ്ചിൻതറ – 7 എണ്ണം, ഉൾച്ചാലുകളുടെ ആഴംകൂട്ടൽ - 129.035 കി.മീ., മെയിൻ ചാൽ ആഴം കൂട്ടൽ - 19.53 കി.മീ., ബണ്ട് നിർമ്മാണം - 2.1 കി.മീ., കിട – 73 എണ്ണം, റാമ്പ് - 57 എണ്ണം, സ്ലൂയിസ് - 11 |

| | | | |
|---|---|---|---|
| | | | എണ്ണം, ഫാം റോഡ് 32.20 കി.മീ. എന്നീ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.<br><br>കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരമാണ് ടി പ്രവൃത്തികൾ നടപ്പാക്കി വരുന്നത്.<br><br>11 കെ.വി.ലൈൻ വലിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ മണലൂർ മണ്ഡലത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖാന്തരം നടപ്പാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു; വിശദമാക്കാമോ; | (ബി) | അനുവദിച്ച 43 പമ്പ് സെറ്റുകളിൽ 21 എണ്ണം സ്ഥാപിച്ചിട്ടുണ്ട്.<br><br>മെയിൽ കനാൽ ആഴം കൂട്ടൽ 16.907 കി.മീ., ഉൾച്ചാലുകളുടെ ആഴം കൂട്ടൽ 27.050 കി.മീ. എന്നിവ പൂർത്തീകരിച്ചു. കിട – 12 എണ്ണം, റാമ്പ് - 7 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മണലൂർ മണ്ഡലത്തിൽ 600 മീ. 11 കെ.വി ലൈൻ വലിക്കൽ, 4 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ഒരു ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ; | (സി) | 22 പമ്പ് സെറ്റുകൾ സ്ഥാപിക്കൽ പൂർത്തീകരിച്ചുവരുന്നു.<br><br>മെയിൻ കനാൽ ആഴം കൂട്ടൽ 2.623കി.മീ., ഉൾച്ചാലുകളുടെ ആഴം കൂട്ടൽ 101.985കി.മീ., ബണ്ട് നിർമ്മാണം - 2.1 കി.മീ., എഞ്ചിൻ ഷെഡ് - 18 എണ്ണം, എഞ്ചിൻതറ – 7 എണ്ണം, കിട – 61 എണ്ണം, റാമ്പ് - 50 എണ്ണം, സ്ലൂയിസ്- 10 എണ്ണം, ഫാം റോഡ് 32.20 കി.മീ. എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ? | (ഡി) | 2024 ജൂൺ 30-നകം പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ